

യു.പി
കൂട
കളികൾ



## പ്രവർത്തനം 2

# തലയോ വാലോ





ഈ കളി കളിക്കാൻ രണ്ട് പേരാണ് വേണ്ടത്. രണ്ട് കളി ഉപകരണങ്ങളും. ഒന്ന് ചെസ് കളിക്കുന്ന ഒരു ബോർഡ്. അതില്ലെങ്കിൽ ഒരു പേപ്പറിൽ അതുപോലെ 64 കള്ളി വരച്ചതായാലും മതി. കള്ളി ചെസ് ബോർഡിലെ പോലെ കറുപ്പും വെളുപ്പും ആക്കേണ്ടതില്ല. പിന്നെ 64 നാണയങ്ങൾ വേണം. **അച്ഛന്റേയും അമ്മയുടേയും ഒക്കെ പേഴ്സിൽ ഉള്ള ചില്ലറ എല്ലാം തരാൻ പറയണം. കളിച്ചിട്ട് തിരിച്ച് തരാം എന്ന് ഉറപ്പ് കൂടി കൊടുത്തോളൂ.**

ആദ്യം ഒരു നാണയം എടുത്ത് ടോസ് ചെയ്യുക. ടോസിൽ ജയിക്കുന്നവർക്ക് തല (Head ) അയാൾ കളി തുടങ്ങും. മറ്റേ ആൾക്ക് വാല് (Tail).

ഈ പ്രവർത്തനത്തിന്റെ
വിശദീകരണ വീഡിയോ കാണാം



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

യു.പി

കൂട

കളികൾ



# പ്രവർത്തനം 2






ആദ്യം രണ്ടു പേരും രണ്ട് നാണയം വീതമെടുത്ത് ബോർഡിന്റെ നടുക്കുള്ള നാല് കള്ളികളിൽ വക്കണം. തല കിട്ടിയ ആൾ (തലയൻ) നാണയത്തിന്റെ തല മുകളിൽ കാണത്തക്ക വിധമാണ് വക്കേണ്ടത്. വാൽ കിട്ടിയ ആൾ (വാലൻ) നാണയത്തിന്റെ വാൽ മുകളിൽ കാണുന്ന വിധത്തിലും. ബോർഡിൽ വച്ച നാണയങ്ങൾ കോണോടുകോൺ നോക്കുമ്പോൾ ഒന്നുകിൽ രണ്ടും തല അല്ലെങ്കിൽ രണ്ടും വാല് വരത്തക്കവിധം വക്കണം.

ഇനിയാണ് കളി ആരംഭിക്കുന്നത്. തലയന് കളി തുടങ്ങാം. അയാൾക്ക് ഒരു നാണയം വക്കാം. ഇപ്പോൾ നാണയമുള്ള ഏതെങ്കിലും കളത്തിന്റെ തൊട്ടടുത്ത കളത്തിലേ വക്കാൻ



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം



# പ്രവർത്തനം 2





പാട്ടുള്ളൂ. തലയൻ തല മുകളിലാക്കി ഒരു നാണയം വക്കുമ്പോൾ വരിയിലോ നിരയിലോ കോണോട്ടു കോണോ ആയി രണ്ട് തല മുകളിലായ നാണയങ്ങൾക്കിടക്ക് വാൽ മുകളിലായ നാണയം ഉണ്ടെങ്കിൽ ആ നാണയങ്ങളെ തിരിച്ച് തല മുകളിലാക്കി വക്കാം. ഇനി വാലന്റെ ഊഴം. വാലൻ വാൽ മുകളിലാക്കി ഒരു നാണയം വക്കുമ്പോൾ രണ്ട് വാൽ മുകളിലായ നാണയങ്ങൾക്കിടക്ക് തലമുകളിലായ നാണയം ഉണ്ടെങ്കിൽ തിരിച്ച് വാൽ മുകളിലാക്കി വക്കാം. ഇങ്ങനെ 64 കള്ളികളിലും നാണയം വെച്ച് കഴിയുമ്പോൾ ഏറ്റവും കൂടുതൽ തലയെണ്ണമെങ്കിൽ തലയൻ ജയിച്ചു. തിരിച്ചായാൽ വാലൻ ജയിച്ചു. **എന്താ കളി ഇഷ്ടപ്പെട്ടോ? ഒന്ന് കളിച്ചു നോക്കുകയല്ലേ?**





